**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 897** **29-08-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലങ്കോട് കാർഷിക കോളേജിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൊല്ലങ്കോട് കാർഷിക കോളേജിന്റെ (പട്ടികജാതി വികസന വകുപ്പ്) പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | കൊല്ലങ്കോട് കാർഷിക കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാർഷിക സർവ്വകലാശാല രജിസ്ട്രാറും, കൃഷി വകുപ്പ് ഡയറക്ടറുമായി 25/06/2019ന് കൂടിയ യോഗനടപടിക്കുറിപ്പ്പ്രകാരം കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി നിയോഗിച്ച രജിസ്ട്രാറും സംഘവും നടത്തിയ സൈറ്റ് പരിശോധനയിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയ കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂസ്വത്തുക്കൾ ലോൺ എടുത്തതുമായി ബന്ധപ്പെട്ട് എസ്.ബി.ഐ.യുടെ കൈവശത്തിലാണ്.<br><br>SARFEASI ACT പ്രകാരം ടി സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം എസ്.ബി.ഐ.യിൽ നിക്ഷിപ്തമായതിനാൽ ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ